(ബി) മേൽ സ്ഥലം സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് കൈമാറുന്നതിലേക്ക് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ട് 28 വർഷം കഴിഞ്ഞുവെങ്കിലും ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടെ കൈവശത്തിലായിരുന്ന ടി ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് ഇതുവരെയ്ക്കും റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറുകയോ വനം വകുപ്പ് ആയത് ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

(സി) ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടെ കൈവശത്തിലായിരുന്ന ടി ഭൂമി, കയ്യേറ്റം ഒഴിപ്പിച്ച് ഇതുവരെയ്ക്കും റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറുകയോ വനം വകുപ്പ് ആയത് ഏറ്റെടുക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ടി സ്ഥലത്ത് സാമൂഹ്യവനവൽക്കരണ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ഡി) ടി സ്ഥലത്തിന്റെ തൽസ്ഥിതി സംബന്ധിച്ച വിവരം റവന്യൂ വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽനിന്നും കേന്ദ്രീയ വിദ്യാലയത്തിനുവേണ്ടി റവന്യൂ വകുപ്പിന് വിട്ടുകൊടുത്ത 25.91 ഏക്കർ ഭൂമിക്ക് പകരമായി നൽകുവാൻ സർക്കാർ ഉത്തരവായിരുന്ന ടി 22.75 ഏക്കർ ഭൂമി, കയ്യേറ്റം ഒഴിപ്പിച്ച് വനം വകുപ്പിലേക്ക് ലഭ്യമാക്കാനോ പകരം വേറെ ഏതെങ്കിലും ഭൂമി കണ്ടെത്തി നൽകാനോ റവന്യൂ വകുപ്പിന് ഇതുവരേയ്ക്കും കഴിഞ്ഞിട്ടില്ലാത്തതാണ്.

അതിരപ്പിള്ളി പ്രവേശന പാർക്കിംഗ് ഫീസ്

214 (7777) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിവർഷം 10 ലക്ഷത്തോളം ടൂറിസ്റ്റുകൾ സന്ദർശകരായി എത്തുന്ന അതിരപ്പിള്ളിയിൽ ടൂറിസ്റ്റുകളിൽനിന്നും പ്രവേശനഫീസായും പാർക്കിംഗ് ഫീസായും എത്ര സംഖ്യയാണ് അതിരപ്പിള്ളി വനസംരക്ഷണ സമിതി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പിരിച്ചെടുത്തിട്ടുള്ളത് ;

(ബി) ഇങ്ങനെ ശേഖരിക്കുന്ന തുകയിൽനിന്നും ടൂറിസ്റ്റുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ഇതിനായി കൂടുതൽ തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതിരപ്പിള്ളി സന്ദർശിച്ച ടൂറിസ്റ്റുകളിൽനിന്നും പ്രവേശന ഫീസായും പാർക്കിംഗ് ഫീസായും 2,12,69,895 രൂപയാണ് (പുഴ-വനം സംരക്ഷണ നിധി - 1,61,30,341.00 + സർക്കാർ റവന്യൂ - 51,39,554.00) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അതിരപ്പിള്ളി വനസംരക്ഷണ സമിതി പിരിച്ചെടുത്തിട്ടുള്ളത്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം 1,17,26,286 രൂപയാണ് അതിരപ്പിള്ളി സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അതിരപ്പിള്ളി സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകൃത മൈക്രോപ്ലാനിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അനുവദിക്കുന്നതാണ്.

കൽപ്പറ്റ മണ്ഡലത്തിലെ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന

215 (7778) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-6-2013-ൽ കൂടിയ യോഗനടപടി പ്രകാരം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ഥലങ്ങളിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട് എന്നതിന്റെ വില്ലേജ്തല വിശദാംശം ലഭ്യമാക്കുമോ :

(ബി) പ്രസ്തുത യോഗ തീരുമാനപ്രകാരം റീ-സർവ്വേയിൽ അധികം വന്ന വനഭൂമി റവന്യൂ ഭൂമിയാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ സൗത്ത് വയനാട് ഡിവിഷനു കീഴിൽ വരുന്ന മുപ്പൈനാട് വില്ലേജിലെ നീലിമല കടച്ചിക്കുന്ന് ഭാഗത്തും വെള്ളരിമല മമ്മിക്കുന്ന് ഭാഗത്തും കോട്ടപ്പടി വില്ലേജിലെ കനേഡിയൻ കുന്ന്, മേപ്പാടികുന്ന് (കുന്നമംഗലം വയൽ) ഭാഗങ്ങളിലും സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്.

(ബി) സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയിഞ്ചിന്റെ പരിധിയിൽ വരുന്നതും മുപ്പൈനാട് വില്ലേജിൽ റീ-സർവ്വേ 56-ൽ വനഭൂമിയായി വിജ്ഞാപനം ചെയ്യപ്പെട്ട 566 ഹെക്ടർ വനഭൂമി 56-ൽ വനഭൂമിയായി വിജ്ഞാനപനം ചെയ്യപ്പെട്ട 566 ഹെക്ടർ വനഭൂമി, റീ-സർവ്വെയ്ക്കുശേഷം തയ്യാറാക്കിയ റവന്യൂ റിക്കാർഡുകൾ പ്രകാരം 719.0897 ഹെക്ടറായി വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ടി അധികം വരുന്ന വനഭൂമി റീ-സർവ്വെ സമയത്ത് വിസ്തീർണ്ണം കണക്കാക്കുമ്പോൾ വന്ന വ്യത്യാസമാണോയെന്നും നിക്ഷിപ്ത വനഭൂമിയായി സർക്കാരിലേക്ക് വരേണ്ട ഭൂമി നോട്ടിഫൈ ചെയ്ത സമയത്ത് വിട്ടുപോയത് റീ-സർവ്വെ സമയത്ത് കൂട്ടിച്ചേർത്തുകൊണ്ടാണോ ഈ വ്യത്യാസം ഉണ്ടായതെന്നും വിശദമായി പരിശോധിച്ചുവരുന്നു.

(സി) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19-6-2013-ൽ ചേർന്ന യോഗത്തിൽ കൈകൊണ്ട തീരുമാനങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കേണ്ടതും നടപടി സ്വീകരിക്കേണ്ടതും റവന്യൂ വകുപ്പാണ്. റീ-സർവ്വെയിൽ അധികമായി

LIBRARY ARCHIVES Kerala Legislative Assembly